# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 167

26-09-2016-ൽ മറുപടിക്ക്

### ഗെയിൽ വാതക പൈപ്പ് ലൈൻ

**ചോദ്യം**

ശ്രീ. പാറക്കൽ അബ്ദുള്ള

(എ) സംസ്ഥാനത്ത് ഗെയിൽ വാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

**ഉത്തരം**

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) കേരളത്തിൽ ഏഴു ജില്ലകളിലായി ഗെയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന കൊച്ചി - കൂറ്റനാട് - ബാംഗ്ലൂർ - മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ സ്ഥാപിക്കേണ്ട പൈപ്പ് ലൈനിന്റെ ദൈർഘ്യം 503 കി. മീറ്ററാണ്. ഇതിന്റെ പ്രാരംഭ സർവ്വേ നടപടികളും, P&MP ആക്ടിലെ സെക്ഷൻ 6(1) പ്രകാരമുള്ള ഗസറ്റ് വിജ്ഞാപനവും ഗെയിൽ പൂർത്തിയാക്കിയിട്ടുണ്ട്. മഹസർ (പഞ്ചനാമ) തയ്യാറാക്കുന്ന നടപടികൾ എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഏതാണ്ട് പൂർത്തീകരിച്ചു. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ജനങ്ങളുടെ എതിർപ്പുമൂലം നിർത്തിവെച്ചിരുന്ന സർവ്വേ നടപടികൾ സർക്കാരിന്റെ ഇടപെടലുകളെ തുടർന്ന് പുനരാരംഭിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകുവാനുള്ള ഭൂമിയുടെ അളവെടുപ്പും, മഹസറും സംസ്ഥാനത്ത് ആകെ 503 കി.മീറ്ററിൽ 386 കി.മി. (77%) പൂർത്തിയാക്കിക്കഴിഞ്ഞു. എറണാകുളം, തൃശ്ശൂർ ജില്ലകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള കോൺട്രാക്ടറെ തീരുമാനിച്ചു. മറ്റു ജില്ലകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പുനർ ടെൻഡർ (ഗ്ലോബൽ NIT) ക്ഷണിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ പൈപ്പുകൾ, വാൽവുകൾ മുതലായവ ഗെയിലിന്റെ വിവിധ സ്റ്റോറേജ് യാർഡുകളിൽ എത്തിച്ചേർന്നിട്ടുണ്ട്. കേരളത്തിലൊട്ടാകെ അഞ്ച് IP സ്റ്റേഷനുകൾക്കും

26 SV സ്റ്റേഷനുകൾക്കും വേണ്ടി സ്ഥിരമായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഇതിൽ 18 സ്റ്റേഷനുകൾക്കാവശ്യമായ ഭൂമി നടപടികൾ പൂർത്തിയാക്കി ഗെയിൽ ഏറ്റെടുത്തിട്ടുണ്ട്. ബാക്കിയുള്ള സ്റ്റേഷനുകൾക്കു വേണ്ടി ഭൂമി ഏറ്റെടുക്കുന്ന ജോലികൾ പുരോഗമിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ഒക്ടോബർ രണ്ടാം വാരത്തോടെ പുനരാരംഭിച്ച് ഒന്നര വർഷത്തിനകം പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**(ബി)** ഏതൊക്കെ ജില്ലകളിൽ സർവ്വേ നടപടികൾ ആരംഭിച്ചുവെന്നും എവിടെയൊക്കെ പൂർത്തീകരിച്ചുവെന്നും വിശദമാക്കാമോ ;

**(ബി)** കേരളത്തിൽ പദ്ധതി നടപ്പിലാക്കുന്ന ഏഴു ജില്ലകളിലും പ്രാരംഭ സർവ്വേ നടപടികളും, P&MP Act സെക്ഷൻ 6(1) പ്രകാരമുള്ള ഗസറ്റ് വിജ്ഞാപനവും പൂർത്തിയായിക്കഴിഞ്ഞു. മഹസർ (പഞ്ചനാമ) തയ്യാറാക്കുന്ന നടപടികൾ എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഏതാണ്ട് പൂർത്തീകരിച്ചു. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ജനങ്ങളുടെ എതിർപ്പുമൂലം നിർത്തിവെച്ചിരുന്ന സർവ്വേ നടപടികൾ പുനരാരംഭിച്ചിട്ടുണ്ട്. ആകെയുള്ള 503 കി.മീറ്ററിൽ 386 കി.മി. മഹസർ പൂർത്തിയായി. നഷ്ടപരിഹാരം നൽകുവാനുള്ള അളവെടുപ്പും, മഹസറും കേരളത്തിലൊട്ടാകെ 77% പൂർത്തിയായിക്കഴിഞ്ഞു.

**(സി)** നടപടികൾ പൂർത്തിയാക്കി പദ്ധതി എന്നത്തേക്ക് പ്രവർത്തന സജ്ജമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

**(സി)** ഒക്ടോബർ രണ്ടാം വാരത്തോടെ പുനരാരംഭിച്ച് ഒന്നര വർഷത്തിനകം പദ്ധതി പൂർത്തീകരിച്ച് പൈപ്പ്ലൈൻ പ്രവർത്തനസജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ